"ഭരണഭാഷ - മാതൃഭാഷ"

നമ്പർ: D6-4775/18


സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 23.7.2018
Email : swdkerala@gmail.com
Phone: 0471 - 2306040.


# സർക്കുലർ

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ഭിന്നശേഷിയുള്ള വിദ്യർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ധനസഹായം നൽകുന്ന 'വിദ്യാജ്യോതി' പദ്ധതി - നടത്തിപ്പ് - സംബന്ധിച്ച്:

സൂചന:- സ.ഉ.(ആർ.റ്റി) നം. 370/2018/സാ.നീ.വ., തീയതി. 22.6.2018

സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിയ ഭിന്നശേഷി സർവ്വേയിൽ സംസ്ഥാനത്താകെ 7,79,793 പേർ ഭിന്നശേഷിയുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1,30,799 പേർ 18 വയസ്സിൽ താഴെ പ്രായമുള്ളവരാണെന്നും കണ്ടെത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇത്തരത്തിൽ ഭിന്നശേഷിയുള്ള കുട്ടികളെ വിദ്യാഭ്യാസപരമായി ഉയർച്ചയിലേയ്ക്ക് നയിച്ച് സാമൂഹ്യാടിസ്ഥാനത്തിൽ മുന്നോട്ട് നയിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം മുതൽ 'വിദ്യാജ്യോതി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മേൽ സൂചന പ്രകാരം നടപ്പ് സാമ്പത്തിക വർഷവും പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി പ്രകാരം സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന 40%മോ അതിന് മുകളിലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ചുവടെപ്പറയുന്ന പ്രകാരം ധനസഹായം അനുവദിക്കുന്നു.

| ക്രമ നം. | കോഴ്സ്/ക്ലാസ്സ് / കാറ്റഗറി | പഠനോപകരണങ്ങൾക്ക് | യൂണിഫോം (ഒരു കാറ്റഗറി/ ഒരു തവണ) |
|---|---|---|---|
| 1. | 9th to 10th സ്റ്റാൻഡേർഡ് | 1000 രൂപ വീതം (ഒരു ജില്ലയിൽ 50 കുട്ടികൾക്ക്) | 1500 രൂപ വീതം (ഒരു ജില്ലയിൽ 30 കുട്ടികൾക്ക്) |
| 2. | +1, +2, ITI, പോളി ടെക്നിക്, VHSC | 2000 രൂപ വീതം (ഒരു ജില്ലയിൽ 50 കുട്ടികൾക്ക്) | 1500 രൂപ വീതം (ഒരു ജില്ലയിൽ 30 കുട്ടികൾക്ക്) |
| 3. | ഡിഗ്രി, ഡിപ്ലോമ, പ്രൊഫഷണൽ കോഴ്സ് | 3000 രൂപ വീതം (ഒരു ജില്ലയിൽ 25 കുട്ടികൾക്ക്) | -- |

| | | | |
|---|---|---|---|
| 4. | പോസ്റ്റ് ഗ്രാജ്വേഷൻ | 3000 രൂപ വീതം (ഒരു ജില്ലയിൽ 20 കുട്ടികൾക്ക്) | |

**യോഗ്യതാ മാനദണ്ഡങ്ങൾ**

1. അപേക്ഷകൻ/അപേക്ഷക സർക്കാർ/എയ്ഡഡ് സ്ഥാപനത്തിൽ പഠിക്കുന്ന ആളായിരിക്കണം.
2. അപേക്ഷകന് 40%മോ അതിന് മുകളിലോ വൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡ് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.
3. ടി പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് വരുമാന പരിധി ബാധകമല്ല.
4. വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവി അപേക്ഷയിൽ നിർബന്ധമായും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
5. BPL വിദ്യാർത്ഥികൾക്ക് മുൻഗണന നൽകേണ്ടതാണ്.
6. ഒരു വിദ്യാർത്ഥിയ്ക്ക് ഒരു കാറ്റഗറിയിൽ ഒറ്റതവണ മാത്രമേ യൂണിഫോമിന് ധനസഹായം അനുവദിക്കാവൂ. (അപേക്ഷാ ഫോറം ഭാഗം-I ക്രമ നം. II അപേക്ഷ പരിശോധിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്).
7. അപേക്ഷയോടൊപ്പം യൂണിഫോം, പഠനോപകരണങ്ങൾ എന്നിവയുടെ ബില്ല് സമർപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

**മാർഗ്ഗ നിർദ്ദേശങ്ങൾ**

1. അപേക്ഷകൾ അതത് ജില്ലാ സാമൂഹ്യനീതി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
2. ടി പദ്ധതിയെക്കുറിച്ച് മാധ്യമങ്ങളിലൂടെയും ബ്ലോക്ക് തല കാര്യാലയങ്ങൾ മുഖേനയും ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ പ്രചാരം നൽകേണ്ടതാണ്.
3. ലഭ്യമാകുന്ന അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർ സൂക്ഷ്മ പരിശോധന നടത്തേണ്ടതും യോഗ്യമായ അപേക്ഷകളിൻമേൽ ഫണ്ട് അനുവദിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.
4. ടി പദ്ധതിയ്ക്കാവശ്യമായ തുക സാമൂഹ്യനീതി ഡയറക്ടർ BAMS മുഖേന ഫണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്.
5. ജില്ലാ സാമൂഹ്യനീതി ഓഫീസർ അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ധനസഹായം ട്രാൻസ്ഫർ ചെയ്യേണ്ടതും ധനവിനിയോഗ സർട്ടിഫിക്കറ്റ് സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

**സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി**

**എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.**

**DB/2018**